**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4144** **28-06-2024 - ൽ മറുപടിയ്ക്ക്**

**റേഷൻകാർഡ് അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിതരണ സംവിധാനത്തിന്റെ പ്രയോജനം അർഹരായ എല്ലാ ജനങ്ങൾക്കും കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. റേഷൻകാർഡുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയതനുസരിച്ച്, അപേക്ഷ സമർപ്പിച്ച് 48 മണിക്കൂറിനുള്ളിൽ പുതിയ റേഷൻകാർഡുകൾ അനുവദിച്ചു വരുന്നു. സ്വന്തമായി വീടില്ലാത്തവർക്കും വഴിയോരത്തു താമസിക്കുന്നവർക്കും താലൂക്ക് സപ്ലൈ ഓഫീസറുടെ പരിശോധനയ്ക്ക് വിധേയമായി ആധാർകാർഡിന്റെ അടിസ്ഥാനത്തിൽ റേഷൻകാർഡ് അനുവദിച്ച് ഭക്ഷ്യഭദ്രത ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ ദാരിദ്ര്യനിർമ്മാർജ്ജന നടപടികളുടെ ഭാഗമായി അതിദരിദ്ര ലിസ്റ്റിൽപ്പെട്ടവരെ യോഗ്യമായ വിഭാഗത്തിൽപ്പെടുത്തി റേഷൻകാർഡ് അനുവദിക്കുന്നു. അതാത് മാസം റേഷൻകടകളിലൂടെ വിതരണം ചെയ്യേണ്ട സാധനങ്ങൾ സമയബന്ധിതമായി FCI-യിൽ നിന്ന് വിട്ടെടുത്ത്, NFSA ഗോഡൗണുകളിലെത്തിക്കുകയും യഥാസമയം റേഷൻകടകളിലൂടെ വിതരണം നടത്തുകയും ചെയ്യുന്നു. |
| (ബി) | റേഷൻ കാർഡുകൾ ലഭ്യമാക്കുന്നതിനുള്ള സാങ്കേതികവും നിയമപരവുമായ തടസ്സങ്ങൾ ഇല്ലാതാക്കുന്നതിനും അതുവഴി വാടകയ്ക്കു താമസിക്കുന്നവർക്കും വഴിയോരത്ത് താമസിക്കുന്നവർക്കും റേഷൻകാർഡ് നൽകുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | വാടക കെട്ടിടത്തിൽ താമസിക്കുന്നവർക്ക് വാടകച്ചീട്ടോ കെട്ടിട ഉടമയുടെ സമ്മതപത്രമോ ഇല്ലാതെ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം പരിഗണിച്ച്, ആധാർകാർഡ് പരിശോധനയ്ക്ക് വിധേയമായി മറ്റൊരു റേഷൻകാർഡിലും പേര് ഇല്ലെന്ന് ഉറപ്പു വരുത്തി പുതിയ റേഷൻകാർഡ് അനുവദിച്ചു വരുന്നു. സ്വന്തമായി വീടില്ലാത്തവർക്കും വഴിയോരത്തു താമസിക്കുന്നവർക്കും താലൂക്ക് സപ്ലൈ ഓഫീസറുടെ പരിശോധനയ്ക്ക് വിധേയമായി റേഷൻകാർഡ് അനുവദിക്കുന്നതിന് കെ.ടി.പി.ഡി.എസ് കൺട്രോൾ ഓർഡറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരം |

| | | | |
|---|---|---|---|
| | | | ആധാർകാർഡിന്റെ അടിസ്ഥാനത്തിൽ റേഷൻകാർഡ് അനുവദിക്കുന്നുണ്ട്. |
| (സി) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന നടപടികളുടെ ഭാഗമായി, റേഷൻ കാർഡില്ലാത്തവരുടെ വിവരങ്ങൾ ശേഖരിച്ച് കാർഡ് അനുവദിക്കുന്നതിന് പൊതുവിതരണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. മുൻഗണനയ്ക്ക് അർഹതയുണ്ടായിട്ടും മുൻഗണനേതര കാർഡ് ലഭ്യമായവർക്ക് ആയത് മാറ്റി നൽകുന്നതിനും അതിദരിദ്ര ലിസ്റ്റിൽപ്പെട്ടവരെ യോഗ്യമായ വിഭാഗത്തിൽപ്പെടുത്തി റേഷൻകാർഡ് അനുവദിക്കുന്നതിനും ദാരിദ്ര്യനിർമ്മാർജ്ജന നടപടികളുടെ ഭാഗമായി നിർദ്ദേശിച്ചിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ 7316 പേർ ഉൾപ്പെട്ട അതിദരിദ്രരുടെ പട്ടികയിൽ 5132 പേർക്ക് റേഷൻകാർഡ് നൽകിയിട്ടുണ്ട്. അതിൽ യോഗ്യരായ 3940 പേരുടെ കാർഡ് എ.എ.വൈ (അന്ത്യോദയ അന്നയോജന) വിഭാഗത്തിലേക്ക് തരം മാറ്റി നൽകിയിട്ടുണ്ട്. |
| (ഡി) | റേഷനിംഗ് മേഖലയിൽ സംസ്ഥാനം നൂറ് ശതമാനം ആധാർ സീഡിംഗ് കൈവരിച്ചിട്ടുള്ളതും നാണ്യവിളകളിലേക്ക കൂടുതലായി മാറിയ സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യവും പരിഗണിച്ച് ജനസംഖ്യാനുസൃതമായി സംസ്ഥാനത്തിന്റെ ഭക്ഷ്യധാന്യ മുൻഗണനാ പരിധിയും വിഹിതവും വർദ്ധിപ്പിച്ചു നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് മുൻപ് പ്രതിവർഷം 16 ലക്ഷത്തോളം മെട്രിക് ടൺ ഭക്ഷ്യധാന്യം സംസ്ഥാനത്തിന് ലഭിച്ചിരുന്നു. എന്നാൽ നിലവിൽ 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം മാത്രമാണ് പ്രതിവർഷം ലഭിക്കുന്നത്. സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ പരിധി (എ.എ.വൈ, പി.എച്ച്.എച്ച്)യിൽ ഉൾപ്പെട്ട് വരുന്ന 46.34% ജനങ്ങൾക്കാണ് സൗജന്യനിരക്കിലുള്ള ഭക്ഷ്യധാന്യം ലഭിക്കുന്നത്. ബാക്കിയുള്ള 53.66% ജനങ്ങൾക്ക് Tide-over വിഹിതമായി ലഭിച്ചിരുന്ന ഭക്ഷ്യധാന്യം മതിയാകെ വന്നതിനാൽ, 100% ആധാർ സീഡിംഗ് പൂർത്തിയാക്കിയ സംസ്ഥാനമെന്ന നിലയിൽ അധിക ഭക്ഷ്യധാന്യ വിഹിതം അനുവദിക്കുന്നതിനും ജനസംഖ്യാനുപാതികമായി മുൻഗണനാ പരിധി വർദ്ധിപ്പിച്ചു നൽകുന്നതിനും നിരവധി തവണ കേന്ദ്രത്തോട് അഭ്യർത്ഥിച്ചെങ്കിലും സംസ്ഥാനത്തിന്റെ ആവശ്യം നാളിതുവരെയും പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ